Draft #1 of File AcD/01/30618/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 28-Jan-2020 10:49 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

തുല്യത - Alagappa University, Tamil Nadu അവാർഡ് ചെയ്ത Bachelor of Business Administration (വിദൂരവിദ്യാഭ്യാസം) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Bachelor of Business Administration ബിരുദത്തിന് തുല്യമായി അംഗീകരിക്കേണ്ടതില്ലെന്നും ഉപരിപഠനത്തിനും ഉദ്യോഗ ആവശ്യത്തിനുമുള്ള യോഗ്യതസാക്ഷ്യപത്രം നൽകുന്നതിനും തീരുമാനിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 1443/AC D/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.03.2020

---

*പരാമർശം:*-1) കോഴ്സ് അംഗീകാരത്തിനായി Sri. Firos A, Vilayil veed, Pangode P.O, Pangode, 07.08.2018ൽ നൽകിയ അപേക്ഷ

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 5922/എസി.ഡി./3/2243/12 തീയതി 05.10.2017.

3) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്വലൻസി 2016.

4)ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (മാനേജ്മെന്റ് & ബിസിനസ്സ് സ്റ്റഡീസ് - യു.ജി), അഭിപ്രായം രേഖപ്പെടുത്തി 27.02.2019 ൽ നൽകിയ കത്ത്.

5) ഡീൻ, ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സയൻസസ് അഭിപ്രായം രേഖപ്പെടുത്തി 12.06.2019ൽ നൽകിയ കത്ത്.

6) 30.11.2019 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 117/Ac.19/195106 (31.12.2019ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19.11) ഇനം നം. 01/19.11/190797 ആയി സമർപ്പിച്ചത്)

**ഉത്തരവ്**

1 ) Alagappa University, Tamil Nadu അവാർഡ് ചെയ്ത Bachelor of Business Administration (വിദൂരവിദ്യാഭ്യാസം) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Bachelor of Business Administration ബിരുദത്തിന് തുല്യമായി അംഗീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷ പരാമർശം (2)ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

2) പരാമർശം (3) പ്രകാരം പ്രസ്തുത വിഷയത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (മാനേജ്മെന്റ് & ബിസിനസ്സ് സ്റ്റഡീസ് - യു.ജി), ഡീൻ, ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സയൻസസ് എന്നിവരുടെ വിദഗ്ധാഭിപ്രായം തേടുകയുണ്ടായി. പ്രവേശനമാനദണ്ഡങ്ങൾ, പാഠ്യ കാലയളവ് എന്നിവ സമാനമാണെന്നും എന്നാൽ Alagappa Universityയുടെ പ്രോഗ്രാമിൽ പ്രോജക്ട് ഉൾപ്പെട്ടിട്ടില്ലെന്നും ബോർഡ് ഓഫ്

സ്റ്റഡീസ് ചെയർമാൻ നിരീക്ഷിച്ചു. (പരാമർശം 4). Admission Procedure, Course Content, Pedagogy, Evaluation എന്നിവ രണ്ട് കോഴ്സുകളിലും സാരമായി വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും Alagappa Universityയുടെ പ്രസ്തുത പ്രോഗ്രാമിന്റെ നിലവാരം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Bachelor of Business Administration പ്രോഗ്രാമിനെക്കാൾ കുറവാണെന്നും ഡീൻ, ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സയൻസസ് നിരീക്ഷിക്കുകയും അതിനാൽ തുല്യതാംഗീകാരം നൽകാനാവില്ലെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. (പരാമർശം 5).

3) അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും സൂചന (6) പ്രകാരം Alagappa University, Tamil Nadu അവാർഡ് ചെയ്ത Bachelor of Business Administration (വിദൂരവിദ്യാഭ്യാസം) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Bachelor of Business Administration ബിരുദത്തിനു തുല്യമായി അംഗീകരിക്കേണ്ടതില്ലെന്നും ഉപരിപഠനത്തിനും ഉദ്യോഗ ആവശ്യത്തിനുമുള്ള യോഗ്യതസാക്ഷ്യപത്രം നൽകുന്നതിനും തീരുമാനിച്ചു.

4) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീ. ഫിറോസ് എ.
2) പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3) രജിസ്ട്രാറുടെ പി.എ.
4)ജെ.ആർ. II (ഭരണവിഭാഗം)
5)എ.ആർ. /ഡി.ആർ.(അക്കാദമിക വിഭാഗം)
6)എ.സി.സി. സെക്ഷൻ
7)കൻടന്റ് മാനേജ്മെന്റ് സെക്ഷൻ
8)ഐ.ക്യു.എ.സി.
9)കരുതൽ ഫയൽ/ഫയൽ പകർപ്പ്

Draft #1 of File AcD/01/30618/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 28-Jan-2020 10:49 AM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം